dt. 31.12.1965 പ്രകാരം 1966 ജനുവരി 26 മുതൽ വെള്ളാഞ്ചിറ ഒരു സ്വതന്ത്ര ഇടവകയായിത്തീർന്നു. പ്രഥമ വികാരിയായി നിയമിതനായത് വെള്ളാഞ്ചിറ പള്ളിയുടെ സ്ഥാപകനും ആളൂർ പള്ളി വികാരിയുമായിരുന്ന പെ. ബഹു. ജെയിംസ് വടക്കൂട്ട് അച്ചനായിരുന്നു. പള്ളിയോട് ചേർന്ന് ക്രമേണ വൈദികമന്ദിരം പണിയുകയുണ്ടായി. പിന്നീട് വെള്ളാഞ്ചിറ പള്ളിയിൽ സ്ഥിരം വികാരി നിയമിതനാകുന്നതുവരെ കുറച്ചു കാലം ആളൂർ പള്ളിയുടെ നടത്തുപള്ളിയായിരുന്നു. ഇടവകയായതിനുശേഷം ഞായറാഴ്ചകൾക്കു പുറമെ ചില ഇടദിവസങ്ങളിലും കുർബാനയ്ക്ക് സൗകര്യം ലഭിച്ചു.

## സ്ഥിരവാസമുള്ള വികാരി

1971 ജൂലൈ മാസത്തിൽ റവ. ഫാ. മാത്യു കണ്ണൂക്കാടനാണ് ആദ്യത്തെ സ്ഥിരവാസമുള്ള വികാരിയായി നിയമിതനായത്. സ്ഥിരം വികാരിയുടെ സാന്നിധ്യവും സമീപനവും വിവിധ ഭക്തസംഘടനകൾ രൂപംകൊള്ളാനും കർമ്മനിരതമാക്കാനും വഴിതെളിച്ചു. ഇവിടത്തെ ബഹു. വികാരിയച്ചന്മാരാണ് തുരുത്തിപ്പറമ്പ് പള്ളിയിൽ സ്ഥിരം വികാരി നിയമിതനാകുന്നതുവരെ ശുശ്രൂഷ നടത്തിയിരുന്നത്.



ഫാത്തിമമാതാ എൽ.പി. സ്കൂൾ

## സ്കൂൾ

അവികസിതമായിരുന്ന ഈ പ്രദേശത്ത് പ്രൈമറി വിദ്യാഭ്യാസ സൗകര്യത്തിനുവേണ്ടിയുള്ള ശ്രമങ്ങൾ നടന്നിരുന്നു. 1976-ൽ ബഹു. ജോർജ്ജ് ചേലപ്പാടനച്ചന്റെ നേതൃത്വത്തിൽ പരിശ്രമിച്ചതിന്റെ ഫലമായി പള്ളിയുടെ മാനേജ്മെന്റിൽ അന്നത്തെ തൃശ്ശൂർ രൂപതാ വിദ്യാഭ്യാസ കോർപ്പൊറെയ്റ്റ് ഏജൻസിയുടെ കീഴിൽ എൽ.പി. സ്കൂൾ അനുവദിച്ചു കിട്ടി.

## കോൺവെന്റ്

1998-ൽ ബഹു. പോൾ മംഗലൻ അച്ചൻ വികാരിയായിരുന്ന അവസരത്തിലാണ് ഡോട്ടേഴ്സ് ഓഫ് ചാരിറ്റി എന്ന സന്യാസിനീസമൂഹത്തിന്റെ ഒരു ഭവനം സെന്റ് കാതറിൻ Laboure ഹൗസ് എന്ന പേരിൽ ഈ ഇടവകയിൽ സ്ഥാപിതമായത്. ക്രമേണ സെന്റ് കാതറിൻ ഇംഗ്ലീഷ് മീഡിയം സ്കൂളും ആരംഭിച്ചു. ഇടവകയിലെ വിവിധ മേഖലകളിൽ ബഹു. സിസ്റ്റേഴ്സ് വിശിഷ്ടസേവനം അനുഷ്ഠിച്ചുപോരുന്നു.



കാതറിൻ ലബോറെ കോൺവെന്റ്



സെന്റ് കാതറിൻ ഇംഗ്ലീഷ് മീഡിയം സ്കൂൾ

## കപ്പേളകൾ

ഇടവകയുടെ വടക്ക്-തെക്ക് അതിർത്തികളിൽ വി. യൗസേപ്പ് പിതാവിന്റെയും വി. അന്തോണീസിന്റെയും നാമത്തിൽ ഓരോ കപ്പേള സ്ഥിതിചെയ്യുന്നു. മാസത്തിൽ യഥാക്രമം ആദ്യ ചൊവ്വാഴ്ചയും ബുധനാഴ്ചയും പ്രസ്തുത കപ്പേളകളിൽ നൊവേന, ലദീഞ്ഞ് എന്നീ തിരുക്കർമ്മങ്ങൾ നടത്തപ്പെടുന്നു. ഈയിടെ നിർമ്മിച്ച



സെന്റ് ആന്റണീസ് കപ്പേള (തെക്കുഭാഗം)



സെന്റ് ജോസഫ്സ് കപ്പേള (വടക്കുഭാഗം)



ഗ്രോട്ടോ

ഗ്രോട്ടോ മാർ ജെയിംസ് പഴയാറ്റിൽ പിതാവ് 2009 ഒക്ടോബർ 14-ന് വെഞ്ചിരിച്ചു.

## പുതിയ പള്ളി, വൈദികമന്ദിരം

സ്ഥലപരിമിതിയും കാലപ്പഴക്കവും നിമിത്തം പുതിയ പള്ളിയും, വൈദികമന്ദിരവും പണിയേണ്ടത് ആവശ്യമായി വന്നു. ബഹു. വികാരി ഡേവീസ് അമ്പൂക്കനച്ചന്റെ നേതൃത്വത്തിൽ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി അംഗീകാരം നേടുകയും ധനസമാഹരണം തുടങ്ങുകയും ചെയ്തു. 2001 ആഗസ്റ്റ് 15-ന് പുതിയ ദേവാലയത്തിന്റെ ശിലാസ്ഥാപനം നടത്തുകയും ചെയ്തു. ഇടവകജനങ്ങളും അഭ്യുദയകാംക്ഷികളും വികാരിയച്ചന്റെ നേതൃത്വത്തിൽ ഒത്തൊരുമയോടെ പ്രവർത്തിച്ചതിന്റെ ഫലമായി പരി. അമ്മയുടെ പ്രത്യേക മദ്ധ്യസ്ഥതയിൽ പണിതീർത്ത മനോഹരമായ ദേവാലയം 2003 ഏപ്രിൽ 24-ന് ഇരിങ്ങാലക്കുട രൂപതാദ്ധ്യക്ഷൻ മാർ ജെയിംസ് പഴയാറ്റിൽ വെഞ്ചിരിച്ച് പ്രതിഷ്ഠിച്ചു. അതോടൊപ്പം വൈദികമന്ദിരവും ആശീർവദിച്ചു.

## സ്റ്റേജ്, സിമിത്തേരി നവീകരണം

പള്ളിയുടെ സ്ഥാപകനായ പെ. ബഹു. വടക്കൂട്ടച്ചന്റെ സ്മരണയ്ക്കായി ഒരു സ്റ്റേജ് നിർമ്മിക്കുന്നതിനും അതോടൊപ്പം ജീർണ്ണാവസ്ഥയിലായ സിമിത്തേരി നവീകരിക്കുന്നതിനും മുമ്പ് തീരുമാനിച്ചിരുന്നെങ്കിലും പണികൾ ആരംഭിച്ചതും പൂർത്തിയാക്കിയതും ബഹു. ജോൺ പോൾ മാള്യേക്കലച്ചന്റെ നേതൃത്വത്തിലാണ്. സ്റ്റേജിന്റെയും പുതുക്കിയ സിമിത്തേരിയുടെയും വെഞ്ചിരിപ്പുകർമ്മം 2008 ജനുവരി 26-ന് അഭിവന്ദ്യ ജെയിംസ് പഴയാറ്റിൽ പിതാവിന്റെ ഇടയസന്ദർശനത്തോടും ഇടവക ദിനത്തോടും അനുബന്ധിച്ച് സാഘോഷം നടത്തി.



പുരാതന ദേവാലയം

## കുടുംബസമ്മേളനം, പാരിഷ് ബുള്ളറ്റിൻ

8 കുടുംബയൂണിറ്റുകൾ ഉള്ള ഈ ഇടവക ഏറെ സജീവമാണ്. കുടുംബസമ്മേളന കേന്ദ്രസമിതിയുടെ നേതൃത്വത്തിൽ സാധുജനഫണ്ട് രൂപീകരിക്കുകയും അർഹരായവരെ സഹായിക്കുകയും ചെയ്യുന്നു. "സ്നേഹദൂത്" എന്ന പാരിഷ് ബുള്ളറ്റിൻ എല്ലാ മാസവും പ്രസിദ്ധീകരിക്കുന്നു.

ഇടവക മദ്ധ്യസ്ഥയായ പരി. ഫാത്തിമ മാതാവിന്റെയും, വി. യൂദാ തദേവൂസിന്റെയും തിരുന്നാളുകൾ ഒക്ടോബർ മാസത്തിലെ അവസാന ശനി, ഞായർ ദിവസങ്ങളിൽ ഊട്ടുതിരുന്നാളുകളായിട്ടാണ് കൊണ്ടാടുന്നത്. വി. സെബസ്ത്യാനോസിന്റെ തിരുനാളാഘോഷം ഈസ്റ്റർ കഴിഞ്ഞുവരുന്ന ശനി, ഞായർ ദിവസങ്ങളിലും നടത്തുന്നു.

2007 ജനുവരി മുതൽ ഇവിടെ വികാരിയായി ശുശ്രൂഷ ചെയ്ത ബഹു. ജോൺ പോൾ മാള്യേക്കൽ അച്ചൻ 2008 സെപ്തംബർ 29-ാം തിയ്യതി തിങ്കളാഴ്ച രാവിലെ ഇവിടെ വി. കുർബാനയർപ്പിച്ചുകൊണ്ടിരുന്ന വേളയിൽ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. റവ. ഫാ. ലിജോ കളപ്പറമ്പത്ത് ആണ് ഇപ്പോഴത്തെ വികാരി.



## വികാരിമാർ

വെരി. റവ. ഫാ. ജെയിംസ് വടക്കൂട്ട് (സ്ഥാപക വികാരി –1958 വരെ), വെരി. റവ. ഫാ. ജോർജ്ജ് അക്കര (1958–64), വെരി റവ. ഫാ. ആന്റണി തെക്കിനിയത്ത് (1964–66), റവ. ഫാ. ജെയിംസ് വടക്കൂട്ട് (1966–71).

## സ്ഥിരവാസമുള്ള വികാരിമാർ

റവ. ഫാ. മാത്യു കണ്ണൂക്കാടൻ (1971–1973), റവ. ഫാ. ജോർജ്ജ് ചേലപ്പാടൻ (1973–1978), റവ. ഫാ. പോൾ താക്കോൽക്കാരൻ (1978), റവ. ഫാ. തോമസ് പഞ്ഞിക്കാരൻ സി.എം.ഐ. (1978–1979), റവ. ഫാ. ജോർജ്ജ് കണ്ടംകുളത്തി (1979–1981), റവ. ഫാ. ജെയിംസ് കവലക്കാട്ട് (1981–1985), റവ. ഫാ. പിയൂസ് ചിറപ്പണത്ത് (1985–1988), റവ. ഫാ. ആന്റോ പാറേക്കാടൻ (1988–1991), റവ. ഫാ. ഫ്രാൻസിസ് കൊടിയൻ (1991–1995), റവ. ഫാ. ജോസ് കെ. മാളിയേക്കൽ (1995–1996), റവ. ഫാ. പോൾ മംഗലൻ (1996–1999), റവ. ഫാ. ഡേവിസ് അമ്പൂക്കൻ (1999–2001), റവ. ഫാ. പോൾ എ. അമ്പൂക്കൻ (2001–2004), റവ. ഫാ. റാഫേൽ പുത്തൻവീട്ടിൽ (2004–2006), റവ. ഡോ. ആന്റു ആലപ്പാടൻ (2006–2007), റവ. ഫാ. ജോൺപോൾ മാളിയേക്കൽ (2007–2008), റവ. ഡോ. ആന്റോ ചുങ്കത്ത് (2008–2009), റവ. ഫാ. ലിജോ കളപ്പുറമ്പത്ത് (2009–).

**OUR LADY OF FATIMA CHURCH**
**Vellanchira**
**P.O. Vellanchira - 680 697**
**Phone : 0480 2703003**

## ചുരുക്കത്തിൽ

| | | | |
|---|---|---|---|
| ഇടവക | : വെള്ളാഞ്ചിറ | കുടുംബയൂണിറ്റുകൾ | : 8 |
| ഫൊറോന | : ചാലക്കുടി | കത്തോലിക്ക കുടുംബങ്ങൾ | : 420 |
| പ്രഥമ ദേവാലയം/കുരിശുപള്ളി നിർമ്മാണം | : 13.10.1953 | കത്തോലിക്ക ജനസംഖ്യ | : 1854 |
| പ്രഥമ ദേവാലയ വെഞ്ചരിപ്പ് | : 13.10.1953 | ലത്തീൻ/മലങ്കര കുടുംബങ്ങൾ | : 3 |
| ഇടവക സ്ഥാപനം | : 26.01.1966 | ഹൈന്ദവ കുടുംബങ്ങൾ | : 248 |
| വൈദിക മന്ദിരം | : 1965 | മുസ്ലീം കുടുംബങ്ങൾ | : 2 |
| നവീന ദേവാലയത്തിന്റെ കൂദാശ കർമ്മം | : 24.04.2003 | വൈദികർ | : 2 |
| പള്ളി സ്ക്കൂൾ | : 1 | സന്യാസിനികൾ | : 22 |
| കോൺവെന്റ്/സന്യാസ ഭവനം/സ്ഥാപനം | : 1 | ഇടവക സ്ഥാപക ഓർഡർ നമ്പർ | : DL23/65;31.12.65 |

